വ്യവസായ വാണിജ്യ വകുപ്പ്
കേരള സർക്കാർ

# വ്യവസായ ഭദ്രത

## കോവിഡിന്റെ പശ്ചാത്തലത്തിൽ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകർക്ക് ആശ്വാസകരമായ പദ്ധതികളുടെയും സാമ്പത്തിക സഹായങ്ങളുടെയും ഒരു പ്രത്യേക പാക്കേജ്



# വ്യവസായ ഭദ്രത

## കോവിഡിന്റെ പശ്ചാത്തലത്തിൽ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകർക്ക് ആശ്വാസകരമായ പദ്ധതികളുടെയും സാമ്പത്തിക സഹായങ്ങളുടെയും ഒരു പ്രത്യേക പാക്കേജ്

വ്യവസായ വാണിജ്യ വകുപ്പ്
കേരള സർക്കാർ

# വ്യവസായ ഭദ്രത

കോവിഡ് 19 മഹാമാരിയും അതിനെ തുടർന്ന് ഭാരത സർക്കാർ നടപ്പിലാക്കിയ ലോക്ക് ഡൗണും സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭ (MSMEs) മേഖലയുടെ പ്രവർത്തനത്തെ വളരെ ഗുരുതരമായി ബാധിച്ചിരിക്കുകയാണ്. ധാരാളം MSMEകൾക്ക് അസംസ്കൃത വസ്തുക്കളുടെ അഭാവവും മാർക്കറ്റ് സെയിൽസ് എന്നിവയിൽ വന്നിട്ടുള്ള നഷ്ടവും കാരണം വലിയ സാമ്പത്തിക ബാദ്ധ്യതയിലേക്ക് അവയെ നയിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഏറ്റവും വലിയ തൊഴിൽ ദാതാക്കളിലൊരാൾ എന്ന നിലയിൽ, ഈ പ്രതിസന്ധി സമയത്ത് അവരുടെ കൈപിടിക്കുക എന്നത് വളരെ പ്രധാനമാണ്.

വ്യവസായ പ്രതിനിധികളും, വ്യവസായ സംഘടനകളുമായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ, വ്യവസായ വകുപ്പ് MSME കൾക്ക് അവയുടെ പ്രവർത്തനങ്ങൾ പുനരാരംഭിക്കുവാനായി വ്യവസായ ഭദ്രത എന്ന പേരിലുള്ള പ്രത്യേക പാക്കേജിന് രൂപം നൽകിയിരിക്കുന്നു:

1. **പുതിയ ലാൻഡ് പ്രീമിയം പെയ്മെന്റ് പോളിസി**

   പുതിയ സംരംഭകരുടെ സാമ്പത്തികഭാരം ലഘൂകരിക്കുന്നതിനായി KSIDC / KINFRA പാർക്കുകളിൽ അപ് ഫ്രണ്ട് ലീസ് പ്രീമിയം കുറയ്ക്കുകയും പ്രീമിയം അടയ്ക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിക്കുകയും ചെയ്യുന്നതാണ്.

   പുതിയതായി അനുവദിക്കുന്നവരിൽ നിന്നും ഭൂമി അനുവദിക്കുന്ന സമയത്ത് 20% പ്രീമിയം മാത്രമേ ശേഖരിക്കുയുള്ളു. ബാക്കി 5 വർഷങ്ങൾക്കുള്ളിൽ നൽകിയാൽ മതിയാവും. ഈ 5 വർഷക്കാലത്തേക്ക് യാതൊരു വിധ പലിശയും ഈടാക്കുകയില്ല.

2. **ലാൻഡ് പ്രീമിയം ഒരു വർഷത്തേക്ക് മരവിപ്പിക്കുന്നത്**

   കെ എസ് ഐ ഡി സി യിലും കിൻഫ്രാ പാർക്കിലും 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെ അടയ്ക്കേണ്ട പ്രീമിയം മരവിപ്പിക്കുന്നതാണ്. ലാൻഡ് ലീസ് പ്രീമിയം നിരക്ക് 2019-2020 പ്രകാരം തന്നെയായിരിക്കും.

3. **മൂന്ന് മാസത്തേക്ക് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (SDF) വാടക ഉപേക്ഷിക്കുന്നത്**

   കെ എസ് ഐ ഡി സി/കിൻഫ്രാ പാർക്ക് എന്നിവിടങ്ങളിലെ നിലവിലെ സ്റ്റാൻഡാർഡ് ഡിസൈൻ ഫാക്ടറികളുടെ നിക്ഷേപകർക്ക് 2020 മാർച്ച് മുതൽ 2020 മെയ് മാസം വരെയുള്ള വാടക ഉപേക്ഷിക്കുന്നതാണ്.

4. **കോമൺ ഫെസിലിറ്റി ചാർജ്ജുകൾ 3 മാസത്തേക്ക് ഉപേക്ഷിക്കുന്നതാണ്**

കെ എസ് ഐ ഡി സി, കിൻഫ്ര പാർക്ക് എന്നിവിടങ്ങളിലെ നിക്ഷേപകർക്ക് അടയ്ക്കേണ്ട കോമൺ ഫെസിലിറ്റി ചാർജ്ജുകൾ മാർച്ച് 2020 മുതൽ മെയ് 2020 വരെ ഉപേക്ഷിക്കുന്നതാണ്.

5. **KSIDCയിൽ ടോപ് അപ് ലോണുകൾ**

ഇത് KSIDC ൽ നിലവിലെ മാതൃകാ കക്ഷികൾക്ക് പ്രവർത്തന മൂലധനവും, നിർമ്മാണ പ്രവർത്തനവും നടത്തുന്നതിനായി അടിയന്തിര സഹായം നൽകുന്നതിനായി ഉദ്ദേശിച്ചുള്ളതാണ്. കുറഞ്ഞ കാലപരിധിയിൽ 2.00 ലക്ഷം രൂപയോ അല്ലെങ്കിൽ ഇതിനകം വായ്പ എടുത്തിട്ടുള്ള തുകയുടെ 30% മോ (ഏതാണ് കുറവ് ) അത് 8% പലിശ നിരക്കിൽ അനുവദിക്കുന്ന താണ്.

- ഇതിനുവേണ്ടി അധിക ഈടുകൾ ഒന്നും നൽകേണ്ടതില്ല. (നിലവിലുള്ള സ്വത്തുക്കളിൽ ആവശ്യത്തിനുള്ള സുരക്ഷാ മാർജിൻ അടിസ്ഥാനമാക്കിയായിരിക്കും ഇത്) അപേക്ഷ ആധാരമാക്കിയാണ് ഇത് അനുവദിക്കുന്നത്.
- ഇത്തരത്തിലുള്ള വായ്പകൾക്ക് അപ് ഫ്രണ്ട് ഫീസ് (വായ്പയുടെ 0.75%) പ്രൊസസ്സിംഗ് ഫീസ് (1 ലക്ഷം രൂപയുടെ വരെ) എന്നിവ ഒഴിവാക്കുന്നതാണ്.
- 3 വർഷ തിരിച്ചടവ് കാലാവധി, 30 പ്രതിമാസ തുല്യ തവണകളായി 6 മാസത്തെ തുടക്ക മൊറട്ടോറിയം കൂടാതെ.

6. **KSIDC യുടെ നിലവിലുള്ള ഉപഭോക്താക്കൾക്ക് പീനൽ ഇന്ററസ്റ്റ് ഒഴിവാക്കുന്നത്**

സാധാരണയായി വൈകി അടയ്ക്കുന്ന പലിശയ്ക്ക് ചുമത്തുന്ന (2%) പീനൽ ഇന്ററസ്റ്റ് ഒരു വർഷത്തേക്കും ഒരു മാസത്തേക്കും, അതായത്

01/03/2020 മുതൽ 31/03/2021 വരെ എല്ലാ KSIDC ഉപഭോക്താക്കൾക്കും ഒഴിവാക്കി നൽകിയിരിക്കുന്നു.

7. **മുതലും പലിശയും അടയ്ക്കുന്നതിനുള്ള മൊറട്ടോറിയം – KSIDC**

KSIDC യുടെ എല്ലാ ഓപ്പറേറ്റിംഗ് യൂണിറ്റുകളുടെയും മുതലും പലിശയും അടയ്ക്കുന്നതിന് മൂന്ന മാസത്തേക്ക് മൊറട്ടേറിയം

മാർച്ച് 2020 മുതൽ 2020 മെയ് 31 വരെ ഉള്ള പ്രിൻസിപ്പൽ റീ പെയ്മെന്റു

കൾക്ക് തിരിച്ചടവ് കാലാവധി 3 മാസം ദീർഘിപ്പിച്ചികൊണ്ട് 3 മാസത്തേക്ക് മൊറട്ടോറിയം നൽകുന്നതാണ്.

31.03.2020 ന് കുടിശ്ശികയായിരുന്ന പലിശ മൂന്ന് ഗഡുക്കളായി മൊറട്ടോറിയത്തിനുശേഷം 3 മാസങ്ങളിൽ അടയ്ക്കാവുന്നതാണ് പ്രസ്തുത പലിശ 01.07.2020 മുതൽ 30.09.2020 വരെ അടയ്ക്കാവുന്നതാണ്.

01.04.2020 മുതൽ 30.06.2020 വരെ വരുന്ന പലിശ 2020 ഒക്ടോബർ മുതൽ 2021 മാർച്ച് വരെയുള്ള കാലത്ത് 6 തുല്യ പ്രതിമാസ തവണകളായി പീനൽ ഇന്ററസ്റ്റ് ഒഴിവാക്കി അടയ്ക്കാനുള്ള അനുവാദം നൽകുന്നതാണ്.

## 8. KSIDC യ്ക്കും KINFRA അയ്ക്കുമുള്ള ഒറ്റ തവണ തീർപ്പാക്കൽ പോളിസി

ഈ ഒറ്റത്തവണ തീർപ്പാക്കൽ നയം KSIDC നൽകിയിട്ടുള്ള വായ്പകൾ തീർപ്പാക്കുന്നതിനും, CFC യിൽ വന്നിട്ടുള്ള മുഴുവൻ പലിശയും കൂടാതെ KINFRA പാർക്കുകളിലെ ലീസ് പ്രീമിയവും ഒഴിവാക്കുന്നതിനും വേണ്ടിയുള്ളതാണ്.

## 9. MSME കൾക്ക് സ്വത്തുക്കൾ സൃഷ്ടിക്കുന്നതിനായി KSIDC നൽകുന്ന പ്രത്യേക വായ്പ

MSMEകൾക്ക് വിപുലീകരണത്തിനും/വൈവിധ്യവൽ കരണത്തിനുമായി ബാങ്കുകളിലൂടെയും/മറ്റ് ധനകാര്യ സ്ഥാപന ങ്ങളിലൂടെയും സാമ്പത്തിക സഹായം നൽകുന്നതിനു വേണ്ടി KSIDC 10,000 ലക്ഷം രൂപ നീക്കിവച്ചിട്ടുള്ളതാണ്. KSIDC യുടെ നിലവിലെ നിയമമനുസരിച്ച് 50 ലക്ഷം മുതൽ 500 ലക്ഷം വരെ ഓരോ യൂണിറ്റുകൾക്ക് ലഭ്യമാകുന്നതാണ്.

## 10. സംരംഭക സഹായക പദ്ധതി (ESS) ഉദാരവൽക്കരിക്കുന്നത്

സംരംഭകരെയും, MSME കളെയും പിന്തുണയ്ക്കുന്നതിനു വേണ്ടിയും, സ്ത്രീകൾക്കും, SC/ST വിഭാഗത്തിലുള്ളവർക്കും, ചെറുപ്പക്കാരായ സംരംഭകർക്കും നിക്ഷേപസഹായം നൽകുന്നതിനുമായി സംരംഭക സഹായക പദ്ധതി (ESS) വ്യവസ്ഥകൾ നിലവിലുള്ള 20% ൽ നിന്നും 25% ആയി ഉയർത്തുന്നതാണ് .

അനുവദിക്കുന്ന തുകകൾക്ക് ബന്ധപ്പെട്ട ബാങ്കുകളുടെയും/ധനകാര്യസ്ഥാപനങ്ങളുടെയും സഹായത്തോടെ ESS ന് ബിൽ ഡിസ്കൗണ്ടിംഗ് സ്കീം (BDS) നടപ്പിലാക്കുന്നതാണ്.

ഉൽപ്പാദനം ആരംഭിച്ച ശേഷം ഒരു വർഷത്തിനുള്ളിൽ ഓൺലൈൻ ESS അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലാവധി (ലോക്ക് ഡൗൺ

കാലഘട്ടത്തിൽ കാലാവധി അവസാനിച്ചവ) മൂന്ന് മാസത്തേക്കു കൂടി ദീർഘിപ്പിച്ചിട്ടുള്ളതാണ്.

ശുചീകരണ ഉൽപ്പന്നങ്ങൾ, വ്യക്തി ശുചിത്വ ഉൽപ്പന്നങ്ങൾ, മെഡിക്കൽ അണുനശീകരണ ഉൽപ്പന്നങ്ങൾ, ഫാർമസ്യൂട്ടിക്കൽ

ഉൽപ്പന്നങ്ങൾ/മരുന്നുകൾ, അവശ്യ മെഡിക്കൽ ഉപകരണങ്ങൾ/ അനുബന്ധ സാമഗ്രികൾ (വെന്റിലേറ്ററുകൾ, ആശുപത്രിയിലേക്കാവശ്യമായ ഫർണിച്ചർ, എൻ95 മാസ്ക്, സർജിക്കൽ ഗ്ലൗസ്, ബ്ലഡ് ബാഗുകൾ, മെഡിക്കൽ ഓക്സിജൻ മുതലായവ) ESS ന്റെ പ്രത്യേക പരിഗണനാ മേഖലകളിൽ ഉൾപ്പെടുത്തും.

11. **എ) അധിക പ്രവർത്തന മൂലധനത്തിനുവേണ്ടി മാർജിൻ മണി അസിസ്റ്റൻസ്**

സംസ്ഥാനത്തെ MSME **കൾ (എണ്ണത്തിൽ ഏകദേശം 1,30,000 വരുന്നവ)** ദുരിതം അനുഭവിക്കുന്നവയാണ്. SLBC യുടെ പെട്ടെന്ന് തയ്യാറാക്കിയ കണക്കനുസരിച്ച്, ഈ മേഖലയിൽ അധികമായി വേണ്ടിവരുന്ന പ്രവർത്തന മൂലധനം ഏകദേശം 2675 കോടി രൂപയാണ്.

ലോക്ക് ഡൗണിനു ശേഷം വാങ്ങിയ പ്രവർത്തന മൂലധനത്തിന് 50% മാർജ്ജിൻ മണി വിഹിതം ഗ്രാന്റ് ആയി നൽകുന്നതും ഇത്തരത്തിൽ നൽകുന്ന മാർജ്ജിൻ മണി ഗ്രാന്റ് ബാങ്കുകളും/ധനകാര്യ സ്ഥാപനങ്ങളും നിഷ്കർഷിക്കുന്ന 50% ആയി പരിമിതപ്പെടുത്തി 1 ലക്ഷം ആക്കുകയും ഇത് ആവശ്യമുള്ള പ്രവർത്തന മൂലധനത്തിന്റെ 15% ൽ അധികമാകരുതെന്നും നിഷ്കർഷിക്കുന്നു. ഇതുകൂടാതെ പുതിയ/അധിക പ്രവർത്തന മൂലധനത്തിന്റെ 10% ഉപഭോക്താവിന്റെ പങ്കായി ഉപയോഗിക്കേണ്ടതുമാണ്.

**ബി) MSME കൾക്കുള്ള അധിക പ്രവർത്തന മൂലധനത്തിന് പലിശ ധനസഹായം**

MSME കൾക്ക് താങ്ങായി അധിക ടേം ലോണിന് 6 മാസത്തേക്ക് 50% പലിശ ധനസഹായം (5% ഏകദേശം) നൽകുകയോ അല്ലെങ്കിൽ ആകെ പലിശയ്ക്ക് 3 മാസത്തേക്ക് പലിശ ധനസഹായം നൽകുകയോ (ഏകദേശം 10%) ചെയ്ത് സഹായം വിപുലീകരിക്കുന്നതിന്.

12. **MSME കൾക്ക് നൽകുന്ന അധിക ടേം ലോണിനുള്ള പലിശ ധനസഹായം**

ഈ സ്കീം ഉദ്ദേശിക്കുന്നത് സംസ്ഥാനത്ത് ദുരിതമനുഭവിക്കുന്ന MSME കൾക്ക് അധിക ടേം ലോണുകൾ നൽകി സഹായിക്കുന്നതിന്.

അധിക ടേം ലോണിനായി 6% പലിശനിരക്കിൽ 6 മാസത്തേക്ക് പലിശ ധനസഹായം അല്ലെങ്കിൽ 12% പലിശനിരക്കിൽ 3 മാസത്തേക്ക് പലിശ ധനസഹായം.

### 13. മൂന്ന് മാസത്തേക്ക് തൊഴിലുടമകൾ നൽകുന്ന ESI വിഹിതം

മൂന്ന് മാസക്കാലത്തേക്ക് ESI വിഹിതം തൊഴിലുടമകൾ വഹിക്കുന്നതിനെ സംബന്ധിച്ച ശുപാർശ ഭാരത സർക്കാരിന് സമർപ്പിക്കും. തൊഴിലുടമയുടെ ESI വിഹിതം ജീവനക്കാരന്റെ ആകെ അടിസ്ഥാന ശമ്പളത്തിന്റെയും ക്ഷാമബത്തയുടെയും 3.25% ആണ്.

### 14. തൊഴിലുടമകളുടെ PF വിഹിതം മൂന്ന് മാസത്തേക്ക്

എല്ലാ വ്യവസായ യൂണിറ്റുകളിലും 18,000 രൂപ മുതൽ 24,000 രൂപ വരെ ശമ്പളത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെയും 100 തൊഴിലാളികളിലധികം ജോലി ചെയ്യുന്ന യൂണിറ്റുകളിലെ 15000 രൂപ വരെ ശമ്പളം വാങ്ങുന്ന തൊഴിലാളികളുടെയും തൊഴിലുടമകളുടെ PF വിഹിതം മൂന്ന് മാസത്തേക്ക് വഹിക്കുന്ന കാര്യം ഭാരത സർക്കാരുമായി ആലോചിക്കുന്നതാണ്.

### 15. NPA വ്യവസ്ഥകൾ നവീകരിക്കുന്നത്

ലോൺ അക്കൗണ്ടുകൾ NPA ആയി പ്രഖ്യാപിക്കുന്നതിനുള്ള നിലവിലെ രീതി 90 ദിവസങ്ങളിൽ നിന്നും 180 ദിവസങ്ങളാക്കുന്നതിനെ സംബന്ധിച്ച് RBI യുമായി ചർച്ച ചെയ്യും.

### 16. മുതലും പലിശയും അടയ്ക്കുന്നതിനുള്ള മൊറട്ടോറിയം 6 മാസത്തേക്ക് ദീർഘിപ്പിക്കുന്നത്

മുതലും പലിശയും അടയ്ക്കുന്നതിനുള്ള മൊറട്ടോറിയം 3 മാസങ്ങളിൽ നിന്ന് 6 മാസങ്ങളിലേക്ക് ദീർഘിപ്പിക്കുന്നതിനുള്ള ശുപാർശ RBI ക്ക് നൽകും.

### 17. MSME കളുടെ മൊറട്ടോറിയം അടയ്ക്കുന്നതിനുള്ള കാലയളവ്

ഇത് MSMEകളുടെ ടേം ലോണിലും പ്രവർത്തന മൂലധനവായ്പയിലും മൂന്ന് മാസത്തെ മൊറട്ടോറിയം കാലയളവിൽ പലിശാ ധനസഹായം നൽകുന്നതിനു വേണ്ടിയാണ് (3 മാസത്തെ പലിശയിൽ ഉണ്ടാകുന്ന അധിക പലിശ).

# ടേം ലോണിലും പ്രവർത്തന മൂലധന വായ്പയിലും പലിശാ ധനസഹായം നൽകുന്ന പദ്ധതി

**1.0 ആമുഖം**

കോവിഡ്-19 മഹാമാരിയെ പ്രതിരോധിക്കുന്നതിനായി രാജ്യവ്യാപകമായി പ്രഖ്യാപിച്ച ലോക്ക് ഡൗൺ MSME മേഖലയെ വളരെ മോശമായി ബാധിച്ചു. നിലവിലെ അവസ്ഥയിൽ നിന്നും ഉൽപ്പാദന, സേവന മേഖലകൾ കരകയറുന്നതിന് പല മാസങ്ങൾ തന്നെ വേണ്ടി വരും. ലോക്ക് ഡൗൺ കാലയളവിൽ പ്രവർത്തിക്കുന്ന ആരോഗ്യ സംരക്ഷക ഉൽപ്പന്നങ്ങൾ, കൃഷി, ഭക്ഷ്യ വിഭവങ്ങളുടെ പ്രോസസ്സിംഗ്, ഫാർമസ്യൂട്ടിക്കലുകൾ, പാക്കേജിംഗ് മെറ്റീരിയലുകൾ മുതലായവ ഏറ്റവും കുറച്ച് ജീവനക്കാരെ വച്ച് 40% ൽ താഴെ മാത്രം യൂട്ടിലൈസ്ഡ് കപ്പാസിറ്റിയിൽ പ്രവർത്തിച്ചു.

MSME കൾ ലോക്ക് ഡൗൺ മൂലം ആവശ്യത്തിനുള്ള ഉൽപ്പാദനമില്ലായ്മ, അസംസ്കൃത വസ്തുക്കളുടെ നഷ്ടം, വ്യാപാര നഷ്ടം, തൊഴിലാളികൾക്കുള്ള വേതനത്തിന്റെയും, ശമ്പളത്തിന്റെയും ചെലവുകൾ, ബാങ്ക്ലോണിന്റെ അടവ്, നിയമപരമായ അടവുകൾ മുതലായ വിവിധ പ്രശ്നങ്ങളെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. ഈ അടിയന്തിരഘട്ടത്തെ മറികടക്കുന്നതിനായി ഇപ്പോൾ തന്നെ അവർ അവരുടെ പ്രവർത്തന മൂലധനത്തിന്റെ ഏറിയ പങ്കും ഉപയോഗിച്ചു കഴിഞ്ഞ അവസ്ഥയാണ്. ഈ ഒഴിഞ്ഞു പോക്ക് അവരെ തളർത്തുകയും ഒരുതിരിച്ചു വരവിന്റെ ദൈർഘ്യം കൂട്ടുകയും ചെയ്യും. അവർക്ക് ശക്തമായതും അവർക്ക് വേഗത്തിൽ ലഭിക്കാവുന്നതുമായ ഒരു ജീവരേഖ നൽകേണ്ടത് വളരെ അത്യാവശ്യമാണ്. ഈ കാഴ്ചപ്പാടിൽ കേരള സർക്കാർ MSME കളെ സഹായിക്കുന്നതിനായി താഴെ പറയുന്ന വിധത്തിൽ ഒരു സാമ്പത്തിക പാക്കേജ് പ്രഖ്യാപിക്കുവാൻ തീരുമാനിച്ചിരിക്കുന്നു:

**2.0 പദ്ധതി**

ഈ പദ്ധതി അനുസരിച്ച് 2020 ഏപ്രിൽ 1 മുതൽ 2020 ഡിസംബർ 31 വരെ എടുത്തിട്ടുള്ള പുതിയ/അധിക ടേം ലോണിനും/അല്ലെങ്കിൽ പ്രവർത്തന മൂലധന വായ്പയ്ക്കും ആറു മാസത്തേക്ക് വായ്പാധനസഹായം നൽകുവാൻ ഉദ്ദേശിക്കുന്നു.

**3.0 ലക്ഷ്യങ്ങൾ**

ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത് ഉൽപന്ന നിർമ്മാണ പ്രവർത്തിയിലും/വിവിധ ജോലികളിലും ഏർപ്പെട്ടിരിക്കുന്നതും കോവിഡ് -19 മഹാമാരി വല്ലാതെ ബാധിച്ചിട്ടുള്ളതുമായി MSMEകൾക്കാണ്.

**4.0 അപേക്ഷകർക്കു വേണ്ട യോഗ്യത**

അർഹരായ അപേക്ഷക യൂണിറ്റിന് ആവശ്യമായ യോഗ്യതകളെ കുറിച്ച് ചുവടെ പറയുന്നു:

a) സംസ്ഥാനത്ത് നിർമ്മാണ പ്രവർത്തനങ്ങളിലോ/തൊഴിൽ രംഗത്തോ സ്ഥാപിച്ചിട്ടുള്ള MSME ഇനത്തിൽ പെട്ട സ്ഥാപനമായിരിക്കണം.

b) വ്യാവസായിക ഉൽപ്പാദനത്തിനു ശേഷം അർഹതപ്പെട്ട അധികാരികൾ മുൻപാകെ UAM ഫയൽ ചെയ്തിരിക്കണം,

c) 01.01.2020 മുതൽ 15.03.2020 വരെ യൂണിറ്റ് പ്രവർത്തിച്ചിരിക്കണം.

**5. 0 അപേക്ഷകരുടെ അർഹത**

ഈ പദ്ധതി പ്രകാരം ലഭിക്കുന്ന ആകെ അർഹതപ്പെട്ട തുക ഒരു യൂണിറ്റിലെ അപേക്ഷകന് 60,000 രൂപാ എന്ന് പരിമിതപ്പെടുത്തിയിരിക്കുന്നതാണ്, ഇതിൽ ടേം ലോണും പ്രവർ ത്തന മൂലധന വായ്പയും ഉൾപ്പെടുന്നതും, ഇത് ഒരു പ്രാവശ്യം മാത്രം ലഭ്യമാകുന്നതുമാണ്.

**6.0 സർക്കാരിൽ നിന്നും ലഭ്യമാകുന്ന സഹായവും/ആശ്വാസവും**

a) **പുതിയതോ/ അല്ലെങ്കിൽ അധികമായി എടുക്കുന്നതോ ആയ പ്രവർത്തന മൂലധന വായ്പയുടെ പലിശാ സഹായം**

2020 മാർച്ച് 15 ൽ കേരള സംസ്ഥാനത്ത് ഉൽപ്പാദന/ സേവന മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ MSME കൾക്കും, ഓരോ യൂണിറ്റിനും പരമാവധി 30,000 എന്ന കണക്കിൽ, പുതിയതോ/അധികമായി എടുക്കുന്നതോ ആയ പ്രവർത്തന മൂലധന വായ്പയിൽ പലിശാ സഹായത്തിന് അർഹതയുണ്ടായിരിക്കും. ഈ സഹായം യൂണിറ്റ് അതിന്റെ ബാങ്കിലേക്ക്/ ധനകാര്യസ്ഥാപനത്തിലേക്ക് വായ്പയുടെ ആദ്യ ഗഡുവിന്റെ വിതരണത്തിനു ശേഷം ആറു മാസ കാലയളവിൽ അടച്ചിട്ടുള്ള പലിശയുടെ 50% ആയി നിജപ്പെടുത്തിയിട്ടുള്ളതാണ്. 2020 ഏപ്രിൽ 1 മുതൽ 2020 ഡിസംബർ 31 വരെ അധിക പ്രവർത്തന മൂലധന വായ്പയെടുത്തിട്ടുള്ള യൂണിറ്റുകൾക്ക് ഈ സഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. ഈ സഹായം അപേക്ഷകയൂണിറ്റിന്റെ വായ്പാ അക്കൗണ്ടിലേക്ക് ബന്ധപ്പെട്ട ധനകാര്യ സ്ഥാപനം വഴി ത്രൈമാസിക റീ ഇംബേഴ്സ്മെന്റ് വ്യവസ്ഥയിൽ നൽകുന്നതായിരിക്കും.

b) പുതിയതോ അല്ലെങ്കിൽ അധിക ടേം ലോണിനോ ഉള്ള പലിശാ സഹായം

2020 മാർച്ച് 15 വച്ച് കേരള സംസ്ഥാനത്ത് ഉൽപ്പാദന/ സേവന മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ MSME കൾക്കും, ഓരോ യൂണിറ്റിനും പരമാവധി 30,000 എന്ന കണക്കിൽ,പുതിയതോ/അധികമായി എടുക്കുന്നതോ ആയ പ്രവർത്തന മൂലധന വായ്പയിൽ പലിശാ സഹായത്തിന് അർഹതയുണ്ടായിരിക്കും. ഈ സഹായം യൂണിറ്റ് അതിന്റെ ബാങ്കിലേക്ക്/ധനകാര്യസ്ഥാപനത്തിലേക്ക് വായ്പയുടെ ആദ്യ ഗഡുവിന്റെ വിതരണത്തിനു ശേഷം ആറു മാസ കാലയളവിൽ അടച്ചിട്ടുള്ള പലിശയുടെ 50% ആയി നിജപ്പെടുത്തിയിട്ടുള്ളതാണ്. 2020 ഏപ്രിൽ 1 മുതൽ 2020 ഡിസംബർ 31 വരെ അധിക പ്രവർത്തന മൂലധന വായ്പയെടുത്തിട്ടുള്ള യൂണിറ്റുകൾക്ക് ഈ സഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. ഈ സഹായം അപേക്ഷകന്റെ വായ്പാ അക്കൗണ്ടിലേക്ക് ബന്ധപ്പെട്ട ധനകാര്യ സ്ഥാപനം വഴി ത്രൈമാസിക റീഇംബേഴ്സ്മെന്റ് വ്യവസ്ഥയിൽ നൽകുന്നതായിരിക്കും.

**7. നടപ്പിലാക്കുന്ന രീതി**

(I) ജില്ലാ വ്യവസായ കേന്ദ്രത്തിൽ ജനറൽ മാനേജർക്ക് പലിശാ സഹായത്തിനും ടേം ലോൺ/പ്രവർത്തന മൂലധന വായ്പ എന്നിവയുടെ അപേക്ഷയോടൊപ്പം പട്ടികയിൽ പറയുന്ന രേഖകളും സമർപ്പിക്കണം.

(ii) ജില്ലാ വ്യവസായ കേന്ദ്രത്തിലെ ജനറൽ മാനേജറോ അല്ലെങ്കിൽ വായ്പ അനുവദിക്കുന്ന മേധാവി നിർദ്ദേശിക്കുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനോ അപേക്ഷ പ്രോസസ്സ് ചെയ്യുകയും, പരിശോധിക്കുകയും ചെയ്യും. അപാകതകൾ എന്തെങ്കിലും ഉണ്ടെങ്കിൽ 7 ദിവസങ്ങൾക്കകം അത് അപേക്ഷകനെ അറിയിക്കുകയും, ഈ കുറവുകൾ പരിഹരിക്കുന്നതിനായി അപേക്ഷകന് രണ്ടാഴ്ച കാലാവധി നൽകുകയും ചെയ്യും. ഈ കാലയളവിനുള്ളിൽ കുറവുകൾ പരിഹരിക്കപ്പെട്ടില്ലെങ്കിൽ, ജനറൽ മാനേജർ, അപേക്ഷകനെ വിവരം അറിയിച്ച് അപേക്ഷ തള്ളിക്കളയുന്നതാണ്.

(iii) അപേക്ഷയും അനുബന്ധ രേഖകളും പരിശോധിച്ച്, ജനറൽ മാനേജർ അർഹതപ്പെട്ടവർക്ക് ഈ പദ്ധതിയുടെ മാർഗ്ഗരേഖകളനുസരിച്ച് സഹായം അനുവദിക്കുകയും ഈ സഹായം ബന്ധപ്പെട്ട ധനകാര്യ സ്ഥാപനം വഴി വിതരണം ചെ യ്യുകയും ചെയ്യും.

**8. അനുവദിക്കുന്ന അധികാരി**

ജില്ലാ വ്യവസായ കേന്ദ്രത്തിലെ ജനറൽ മാനേജർ ആണ് ഈ പദ്ധതിയുടെമാർഗ്ഗ രേഖകൾ പ്രകാരം പലിശാ സഹായം അനുവദിക്കുന്നതിന് അർഹതപ്പെട്ട ഉദ്യോഗസ്ഥൻ.

**9. അപേക്ഷക യൂണിറ്റിന്റെ കടപ്പാട്**

1. അപേക്ഷകർ ആവശ്യമായ എല്ലാ വിവരങ്ങളും ലഭ്യമാക്കുകയും, ഈ വിവരങ്ങൾ സത്യമാണെന്ന് ബോധിപ്പിക്കുകയും വേണം.
2. വായ്പ അനുവദിക്കുന്ന ഉദ്യോഗസ്ഥനോ, അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥരോ ആവശ്യപ്പെടുന്ന പക്ഷം കൂടുതൽ വിവരങ്ങൾ അപേക്ഷകർ നൽകേണ്ടതാണ്.
3. വായ്പ അനുവദിക്കുന്ന ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്ന പക്ഷം അപേക്ഷയിൽ പറയുന്ന ഏതെങ്കിലും വിവരങ്ങളെ കുറിച്ചും , പരിശോധിക്കുന്നതിനോ, ശരിയാണോ എന്ന് അന്വേഷിക്കുന്നതിനോ ഉള്ള അനുമതി അപേക്ഷകൻ നൽകേണ്ടതാണ്.
4. പരിശോധിച്ച് ബോദ്ധ്യപ്പെടുന്നതിനായി ഏതെങ്കിലും പ്രധാനപ്പെട്ട രേഖകൾ വായ്പ അനുവദിക്കുന്ന ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്ന പക്ഷം അപേക്ഷകൻ അവയുടെ അസ്സൽ ഹാജരാക്കേണ്ടതാണ്. സഹായം, വായ്പ അനുവദിക്കുന്ന ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട ധനകാര്യ സ്ഥാപനം വഴി  വിതരണം ചെയ്യും.

**10.0 പൊതു നിബന്ധനകൾ**

1. അർഹതപ്പെട്ട സംരംഭകന് ഈ പദ്ധതി വഴിയുള്ള സഹായം ബന്ധപ്പെട്ട ധനകാര്യ സ്ഥാപനം വഴി മാത്രം വിതരണം ചെയ്യുന്നതാണ്.
2. ഈ പദ്ധതി വഴിയുള്ള സഹായത്തിനായുള്ള അപേക്ഷ അപേക്ഷകൻ നൽകേണ്ടതും ബന്ധപ്പെട്ട ജനറൽ മാനേജർ മുമ്പാകെ അസ്സൽ രേഖകൾ ഹാജരാക്കേണ്ടതുമാണ്.
3. ഏതെങ്കിലും കാരണത്താൽ ഇതേപോലെയുള്ള പലിശാ ധനസഹായം ഭാരത സർക്കാരോ, കേരള സർക്കാരോ അല്ലെങ്കിൽ കേരള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളോ, MSME കൾക്ക് നൽകുകയാണെങ്കിൽ , ഈ പദ്ധതിയിലൂടെ ഇൻക്രിമെന്റൽ ബെനിഫിറ്റ് മാത്രമേ അപേക്ഷകയൂണിറ്റിന് നൽകുകയുള്ളു. എന്നിരുന്നാലും ഈ യൂണിറ്റുകൾ, കേന്ദ്ര സംസ്ഥാന സർക്കാരുകൾ നൽകുന്ന മൂലധനത്തിന്റെ നിക്ഷേപ സബ്സിഡിക്ക് അർഹരായിരിക്കും.

### 11.0 അപ്പീലുകൾ

അപ്പീലുകൾ ബന്ധപ്പെട്ട ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ ജനറൽ മാനേജർമാരുടെ ഉത്തരവ് നിലവിൽ വന്ന തീയ്യതി മുതൽ 30 ദിവസങ്ങൾക്കകം ഡയറക്ടർ വ്യവസായ വാണിജ്യവകുപ്പ് മുമ്പാകെ ഫയൽ ചെയ്യേണ്ടതാണ്. കാലാവധിക്കു ശേഷമുള്ള അപ്പീലുകൾ സ്വീകരിക്കുന്നതല്ല. ആവശ്യമുള്ള പക്ഷം പരാതിക്കാരനെ നേരിൽ കേട്ട ശേഷം ഏറ്റവും വേഗത്തിൽ, പരമാവധി ഒരു മാസത്തിനുള്ളിൽ തന്നെ അപ്പീൽ തീർപ്പാക്കേണ്ടതാണ്.

### 12.0 റിക്കവറികളും & പെനാൽറ്റികളും

തെറ്റായ കാരണങ്ങൾ പറഞ്ഞിട്ടോ, വ്യാജരേഖസമർപ്പിച്ചോ, ചതിയിലൂടെയോ ആണ് പലിശാ ധനസഹായം കൈപ്പറ്റിയിട്ടുള്ളത് എന്ന് ഉത്തരവാദിത്വപ്പെട്ട അധികാരികൾക്ക് ബോദ്ധ്യപ്പെട്ടിട്ടുള്ള പക്ഷം യൂണിറ്റിന്, വായ്പ അനുവദിച്ച അധികാരിയിൽ നിന്നും രജിസ്റ്റർ ചെയ്ത ഡിമാൻഡ് നോട്ടീസ് ലഭിക്കുന്ന മുറയ്ക്ക് വർഷത്തിൽ 14% പലിശ നിരക്കിൽ യൂണിറ്റ് ഇത്തരത്തിൽ ലഭിച്ച സഹായം തിരികെ അടയ്ക്കേണ്ടതാണ്. ഈ നിബന്ധനയുടെ അടിസ്ഥാനത്തിൽ സർക്കാരിനു ലഭിക്കേണ്ട മുഴുവൻ തുകയും 1968 ലെ റവന്യൂ റിക്കവറി ആക്ട് പ്രകാരമോ അല്ലെങ്കിൽ ഇത് ഈടാക്കുന്നതിനായി സർക്കാരിന് ഉചിതമെന്നു തോന്നുന്ന മറ്റേതെങ്കിലും മാർഗ്ഗം മുഖേനയോ ഈടാക്കുന്നതായിരിക്കും. എന്നിരുന്നാലും യൂണിറ്റുകൾക്കെതിരെ ഇത്തരത്തിൽ ഡിമാൻഡ് നോട്ടീസ് അയയ്ക്കുന്നതിനു മുൻപായി കാരണം കാണിക്കുന്നതിനുള്ള അവസരം യൂണിറ്റുകൾക്ക് നൽകുന്നതായിരിക്കും

### 3.0 ഫണ്ടുകൾ

ഈ പദ്ധതിയിലേക്ക് ഉള്ള ചെലവുകൾ, ഈ പദ്ധതിയുടെ റിവൈവൽ ഓഫ്

MSMESവിത് സ്ട്രെസ്സ്ഡ് അസറ്റ്സ് എന്ന നിബന്ധനകൾ പ്രകാരം, 2851 00102 33 പ്ലാൻ എന്ന ശീർഷകത്തിൽ നിന്നും ഉപയോഗിക്കുന്നതായിരിക്കും.

ഈ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ഓൺലൈൻ പോർട്ടൽ , അപേക്ഷാ ഫോറങ്ങൾ, ഫോം ഓഫ് എഗ്രീമെന്റ്, കൂടാതെ ഈ പദ്ധതി ശരിയായ രീതിയിൽ നടപ്പിലാക്കുന്നതിനാവശ്യമായ മറ്റ് കാര്യങ്ങൾ എന്നിവ തയ്യാറാക്കുന്നതിനും, മാർഗ്ഗരേഖകളിൽ വ്യത്യാസം വരുത്താതെ ഉപ-റൂളുകൾ, ആവശ്യമെങ്കിൽ ചെക്ക് ലിസ്റ്റുകൾ എന്നിവ നിർമ്മിക്കുന്നതിനും ഡയറക്ടർ വ്യവസായ വാണിജ്യ വകുപ്പിന് എല്ലാവിധ അധികാരങ്ങളും ഉണ്ടായിരിക്കുന്നതാണ്.

## വ്യവസായ ഭദ്രത (MSMEകൾക്കുള്ള കോവിഡ്-19 സമാശ്വാസ പാക്കേജ്)
## ടേം വായ്പയ്ക്കും പ്രവർത്തന മൂലധന വായ്പയ്ക്കുമുള്ള പലിശാ ധനസഹായം

### ഓൺലൈയൻ അപേക്ഷാ ഫോറം

| | | | |
|---|---|---|---|
| 1 | അപേക്ഷകന്റെ പേര് | | |
| 2 | സംരംഭത്തിന്റെ പേരും വിലാസവും | | |
| 3 | വിഭാഗം | (SC/ST/OBC/ജനറൽ) | |
| 4 | ലിംഗം | | |
| 5 | ബന്ധപ്പെടേണ്ട നമ്പർ | | |
| 6 | ഇമെയിൽ ഐഡി | | |
| 7 | യൂണിറ്റിന്റെ ഘടന | പ്രൊപ്രൈറ്റി/പാർട്ണർഷിപ്പ്/ പ്രൈവറ്റ് ലിമിറ്റഡ് /പബ്ലിക് ലിമിറ്റഡ്/ എൽ എൽ പി/എസ് എച്ച് ജി/സൊസൈറ്റി | |
| 8 | യൂണിറ്റിന്റെ തരം | മൈക്രോ/സ്മോൾ/മീഡിയം | |
| 9 | ഉദ്യോഗ് ആധാർ നമ്പർ.തീയ്യതി ഉൾപ്പടെ | | |
| 10 | വ്യാപാര ഉൽപ്പാദനം/പ്രവർത്തനം ആരംഭിച്ച തീയ്യതി | | |
| 11 | ഉൽപ്പാദന ഉൽപ്പന്ന ഇനങ്ങൾ/ജോലി | | |
| 12 | ജീവനക്കാരുടെ എണ്ണം | | |
| 13 | ബാങ്കിന്റെ/ധനകാര്യസ്ഥാപനത്തിന്റെ പേര് | | |
| 14 | ശാഖയുടെ പേര്, വിലാസം & IFSC | | |
| | | ടേം ലോൺ | പ്രവർത്തന മൂലധന വായ്പ |
| 15 | ധനകാര്യസ്ഥാപനം അനുവദിച്ച വായ്പയുടെ തുക (രൂപ) | | |
| 16 | വായ്പാ അനുവദിച്ച തീയ്യതി | | |
| 17 | വായ്പയുടെ 1-ാം ഗഡു വിതരണം ചെയ്ത തീയ്യതി | | |
| 18 | വായ്പാ അക്കൗണ്ട് നമ്പർ | | |
| 19 | ബാങ്ക്/ധനകാര്യസ്ഥാപനം ഈടാക്കിയ പലിശ നിരക്ക് | | |
| 20 | യൂണിറ്റ് 3 മാസത്തേക്ക് അടച്ച പലിശതുക | | |
| a | 1st 3 മാസങ്ങൾ: മുതൽ............വരെ...................... | | |
| b | 2nd 3 മാസങ്ങൾ: മുതൽ..............വരെ................ | | |
| 21 | പലിശാധനസഹായത്തിന് അപേക്ഷിച്ച തുക (നിശ്ചിത പ്രൊഫോർമയിലുള്ള ബാങ്ക് സർട്ടിഫിക്കറ്റ് ചേർക്കുക) | | |
| a | 1st 3 മാസങ്ങൾ: മുതൽ............വരെ...................... | | |
| b | 2nd 3 മാസങ്ങൾ: മുതൽ..............വരെ................ | | |
| 22 | കോവിഡ് 19 മായി ബന്ധപ്പെട്ട് തത്തുല്യമായ സഹായങ്ങൾ മുൻപ് കൈപ്പറ്റിയിട്ടുണ്ടോ | ഉണ്ട്/ഇല്ല | |
| | ഉണ്ടെങ്കിൽ, തുക : | | |
| | സ്ഥാപനത്തിന്റെ പേര് & പദ്ധതി | | |
| 23 | രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ അപേക്ഷയോടൊപ്പം ചേർക്കേണ്ടതാണ്. | | |
| a | UAM രസീത് | | |
| b | ബന്ധപ്പെട്ട ധനകാര്യസ്ഥാപനത്തിൽ നിന്നുള്ള ശുപാർശ കത്ത് നിശ്ചിത പ്രൊഫോർമയിലുള്ളത് | | |

ഞാൻ പ്രതിജ്ഞാപൂർവ്വം പ്രസ്താവിക്കുന്നതെന്തെന്നാൽ ഞാൻ.......................................... സ്ഥിതിചെയ്യുന്ന.................................. ഉൽപ്പാദനംനടത്തുന്ന M/s.................................................. ന്റെ പ്രൊപ്രൈറ്റർ /പാർട്ണർ/ഡയറക്ടർ ആണ്. കൂടാതെ ജില്ലാ വ്യവസായ കേന്ദ്രം ....................................................ജനറൽ മാനേജർ മുമ്പാകെ ടേം ലോണിന് /പ്രവർത്തന മൂല ധന വായ്പയ്ക്ക് പലിശാ ധന സഹായം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുവാൻ എന്നെ അധികാരപ്പെടുത്തിയിട്ടുള്ളതാണ്. ഞാൻ ഈ പദ്ധതിയുടെ നിബന്ധനകളെ കുറിച്ച് വായിച്ചിട്ടുണ്ട് അത് അനുസരിക്കുവാൻ ബാദ്ധ്യസ്ഥനുമാണ്. മേൽ വിവരിച്ചിട്ടുള്ള വസ്തുതകളെല്ലാം തന്നെ എന്റെ അറിവിലും വിശ്വാസത്തിലും ശരിയും സത്യവുമാണെന്ന് ഞാൻ പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്.

സ്ഥലം: അപേക്ഷകന്റെ ഒപ്പ്

തീയ്യതി: അപേക്ഷകന്റെ സംരംഭത്തിനുവേണ്ടി

### MSME കൾക്കുള്ള കോവിഡ് 19 പാക്കേജിനു കീഴിലുള്ള സഹായത്തിനുവേണ്ടി ധനകാര്യ സ്ഥാപനത്തിന്റെ ശുപാർശ അധിക/പുതിയ ടേം ലോൺ/പ്രവർത്തന മൂലധന വായ്പയ്ക്കുള്ള പലിശാ ധനസഹായം

(ബാങ്ക് മാനേജരോ/ധനകാര്യസ്ഥാപന മേധാവിയോ സാക്ഷ്യപ്പെടുത്തി, സഹായ ത്തിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം ചേർക്കേണ്ടത്)

ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നത് M/s ...................................................... ന് ............................... രൂപയുടെ ടേം ലോൺ/ പ്രവർത്തന മൂലധന വായ്പ.......................................% വാർഷിക പലിശ നിരക്കിൽ അനുവദിക്കുകയും, ...............................................രൂപ വിതരണം ചെയ്യുകയും ചെയ്തിരിക്കുന്നു.

ഈ ടേം ലോണിന്/പ്രവർത്തന മൂലധന വായ്പയ്ക്കുള്ള, സ്ഥാപനം മൂന്ന്/ആറ് മാസ ത്തേക്ക് അടച്ച പലിശ തുക, (അതായത് ...................................മുതൽ .............................വരെ) ..........................................രൂപയാണ്. കോവിഡ് പാക്കേജിന്മേലുള്ള സർക്കാർ ഉത്തരവ് അനുസരിച്ച് പലിശാ ധനസഹായത്തിനുള്ള യോഗ്യത ഈ യൂണിറ്റിനുണ്ട് എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ബ്രാഞ്ച് മാനേജരുടെ ഒപ്പ്
പേര് സീൽ ഉൾപ്പെടെ

ജനറൽ മാനേജർ
ജില്ലാ വ്യവസായ കേന്ദ്രം

ഓഫീസ് സീൽ

(തർജിമ്മ ചെയ്ത പകർപ്പ്)

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ്  കോവിഡ്19 – MSME വ്യവസായ ഭദ്രത – ടേം ലോണിലും പ്രവർത്തന മൂലധന വായ്പയിലും പലിശാ ധനസഹായ പദ്ധതി - പദ്ധതിയുടെ വിശദാംശങ്ങൾ, മാർഗ്ഗരേഖകൾ കൂടാതെ നടപ്പിലാക്കുന്നതിനുള്ള രീതികൾ അംഗീകരിച്ചു ഉത്തരവുകൾ പ്രസിദ്ധീകരിച്ചു.

---

വ്യവസായ (ബി)വകുപ്പ്

ജി.ഓ.(ആർ.റ്റി) നം: 362/2020/വ്യ.വ — തീയ്യതി: തിരുവനന്തപുരം 2/06/2020

---

വായിക്കുക: ജി.ഓ. (എം.എസ്) നം: 56/2020/വ്യ.വ തീയ്യതി 20.05.2020

**ഉത്തരവ്**

മേൽ കൊടുത്ത സർക്കാർ ഉത്തരവ് വഴി, "**വ്യവസായ ഭദ്രത**" എന്ന പേരിൽ മൈക്രോ സ്മോൾ മീഡിയം എന്റർപ്രൈസസ് (MSMEs) കൾക്ക് ആശ്വാസ പദ്ധതികളുടെയും സാമ്പത്തിക സഹായത്തിന്റെയും ഒരു പ്രത്യേക പാക്കേജ് സംസ്ഥാന MSMEകൾക്ക് പിന്തുണ നൽകുന്നതിനും അവയെ നില നിർത്തുന്നതിനുമായി പ്രഖ്യാപിച്ചിരുന്നു. ഇവയിൽ, "ടേം ലോണിനും, പ്രവർത്തന മൂലധന വായ്പയ്ക്കുമുള്ള പലിശാധനസഹായം" (ഉൽപ്പാദന പ്രക്രിയയിൽ/ജോലിയിൽ ഏർപ്പെട്ടിരിക്കുന്നതും കോവിഡ്-19 മഹാമാരിയെ തുടർന്ന് പ്രഖ്യാപിച്ച ലോക്ക് ഡൗൺ പ്രതികൂലമായി ബാധിച്ചതുമായ യൂണിറ്റുകൾക്ക്) പാക്കേജിൽ ഏപ്രിൽ 1 2020 മുതൽ ഡിസംബർ 31 2020 വരെ എടുത്തിട്ടുള്ള പുതിയ/അധിക ടേം ലോൺ/ അല്ലെങ്കിൽ പ്രവർത്തന മൂലധന വായ്പയ്ക്ക് ആറു മാസക്കാലത്തേക്ക് പലിശാ ധനസഹായം നൽകുന്നതിനായി ഉൾക്കൊള്ളിച്ചിരിക്കുന്നു.

ഈ പരിതസ്ഥിതിയിൽ, സർക്കാർ,ഡയറക്ടർ ഓഫ് ഇൻഡസ്ട്രീസ് & കൊമേഴ്സ് ശുപാർശ ചെയ്തിട്ടുള്ള ഈ പദ്ധതിയുടെ വിശദാംശങ്ങൾ, മാർഗ്ഗരേഖകൾ കൂടാതെ അതിന്റെ നടപ്പിലാക്കുന്ന രീതികൾ എന്നിവ പരിശോധിക്കുകയും, ഈ ഉത്തരവിൽ കൂട്ടി ചേർത്തിരിക്കുന്നതുപോലെ ഇത് അംഗീകരിക്കുകയും ചെയ്യുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

കെ. രാധാകൃഷ്ണൻ

അഡീഷണൽ സെക്രട്ടറി

To,

ദി ഡയറക്ടർ ഓഫ് ഇൻഡസ്ട്രീസ് & കൊമേഴ്സ്, തിരുവനന്തപുരം.

ദി പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) , തിരുവനന്തപുരം.

ദി അക്കൗണ്ടന്റ് ജനറൽ (എ& ഇ) /ഓഡിറ്റ്, കേരള, തിരുവനന്തപുരം.

ദി ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

എല്ലാ ജനറൽ മാനേജർമാർക്കും, ജില്ലാ വ്യവസായ കേന്ദ്രങ്ങൾ (ഡി ഐ സി മുഖേന)

ധനകാര്യ ( പ്ലാനിംഗ് )വകുപ്പ്.

പ്ലാനിംഗ് & എക്കണോമിക് അഫയേഴ്സ് ഡിപ്പാർട്ട്മെന്റ്

ദി ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്

(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)

സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ്.

അയയ്ക്കുന്നത്/

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA

Abstract

Industries Department - COVID-19 – MSME- VYAVASAYA BHADRATHA – Scheme for Interest Subvention on Term Loan and Working Capital Loan- Details of the Scheme, guidelines and Implementation Procedures- Approved-Orders issued.

**INDUSTRIES (B) DEPARTMENT**

**G.O.(Rt) No. 362/2020/ID Dated,Thiruvananthapuram 02.06.2020**

Read:- G.O. ( Ms) No: 56/2020/ID dated 20.05.2020

**ORDER**

Vide Government Order cited, a Special Package of Relief Schemes and Financial Assistance for Micro Small Medium Enterprises (MSMEs) under the title "VYAVASAYA BHADRATHA" was declared to support and sustain the State MSMEs. Among them, the " Scheme for Interest Subvention on Term Loan and working capital loan" (the Units engaged on manufacturing activities / job works which are badly affected by the lockdown due to Covid-19 pandemic) is included in the package to provide Interest Subvention for six months for new / Additional Term Loan and / or Working Capital Loan availed from 1st April 2020 to 31st December 2020.

In the circumstances, Government have examined the details of the Scheme, guidelines and its Implementation procedures proposed by the Director of Industries & Commerce and are pleased to approve the same, as appended to this order.

(By order of the Governor)

K.RADHAKRISHNAN
ADDITIONAL SECRETARY

To

The Director of Industries & Commerce, Thiruvananthapuram.
The Principal Accountant General (Audit), Thiruvananthapuram.
The Accountant General (A&E) / Audit, Kerala,Thiruvananthapuram.
The Treasury Director, Thiruvananthapuram.
All General Managers, District Industries Centres( through DIC)
Finance ( Planning )Department.
Planning & Economic Affairs Department
The Director, Information & Public Relations Department.
(for publishing in the official website)
Stock File / Office Copy.

Forwarded/by order

Section Officer

## കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക

**വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്**
3-ാം നില, വികാസ് ഭവൻ
തിരുവനന്തപുരം-695 033
ഫോൺ: 0471-2302774, ഫാക്സ്: 0471-2305493
ഇ മെയിൽ: industriesdirectorate@gmail.com
www.industry.kerala.gov.in

KSIDC
**കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് കോർപറേഷൻ ലിമിറ്റഡ് (കെ.എസ്.ഐ.ഡി.സി)**
റ്റി.സി 11/266, കെസ്റ്റൺ റോഡ്, കവടിയാർ
തിരുവനന്തപുരം-695 003
ഫോൺ: 0471-2318922, ഫാക്സ്: 0471-2315893
ഇ മെയിൽ: enquiry@ksidcmail.org
www.ksidc.org

kinfra
INSPIRING GROWTH
**കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് കോർപറേഷൻ (കിൻഫ്രാ)**
കിൻഫ്രാ ഹൗസ്. റ്റി.സി 31/2312
ശാസ്തമംഗലം, തിരുവനന്തപുരം-695 010
ഫോൺ: 0471-2726585, ഫാക്സ്: 0471-2724773
ഇ മെയിൽ: mail@kinfra.org
www.kinfra.org